B

GI 102

# സമഗ്ര ശിക്ഷാ കേരളം
# വാർഷിക മൂല്യനിർണ്ണയം 2024–2025

ക്ലാസ് : 1

## ഉദ്ഗ്രഥനം – രണ്ടാം ദിവസം

### *അധ്യാപകർക്കുള്ള നിർദേശങ്ങൾ*

- മൂന്നു ദിവസങ്ങളിലേക്കായി 13 പ്രവർത്തനങ്ങളാണ് തയ്യാറാക്കിയിരിക്കുന്നത്.
- ഓരോ പ്രവർത്തനവും വിലയിരുത്തി നിലവാര സൂചിക (a, b, c, d, e) രേഖപ്പെടുത്തണം.
- ഓരോ പ്രവർത്തനത്തിനും ലഭിച്ച നിലവാര സൂചിക പരിഗണിച്ച് ശതമാനപ്പട്ടിക ഉപയോഗപ്പെടുത്തി വിഷയങ്ങൾക്കുള്ള ഓവറോൾ ഗ്രേഡ് (A, B, C, D, E) നൽകണം.
- ക്രയോണുകൾ എല്ലാ ദിവസവും കൊണ്ടുവരാൻ നിർദേശിക്കണം.
- ആദ്യത്തെ 15 മിനിറ്റ് സമാശ്വാസ സമയമായി നൽകേണ്ടതാണ്.

**പ്രവർത്തനം 6 – വരികൾ കൂട്ടിച്ചേർക്കാം**

***പഠനലക്ഷ്യം: കവിത വായിച്ച് ആശയം, താളം, ശബ്ദഭംഗി എന്നിവ പരിഗണിച്ച് പുതിയ വരികൾ കൂട്ടിച്ചേർത്തെഴുതുന്നു.***

**ആഖ്യാനം :**

ആമിയുടെ ഒന്നാംക്ലാസ്. അവിടെ ഹിമ ടീച്ചറും കുട്ടികളും ചേർന്ന് ഒരു പാട്ടുപാടുകയാണ്. ആ പാട്ട് നമുക്ക് പാടിയാലോ?

കൂടെ പാടണേ.

പേരക്ക പേരക്ക
പച്ച നിറത്തിൽ പേരക്ക
പേര മരത്തിൽ പേരക്ക
നാരങ്ങ നാരങ്ങ
പച്ച നിറത്തിൽ നാരങ്ങ
നാരകത്തിൽ നാരങ്ങ

കൂടുതൽ വരികൾ ചേർത്ത് പാടാമോ? എഴുതാമോ? വർക്ക്ഷീറ്റ് 6 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- ആശയത്തുടർച്ചയോടെ, താളം, ശബ്ദഭംഗി എന്നിവ പരിഗണിച്ച് വരികൾ കൂട്ടിച്ചേർത്ത് എഴുതിയാൽ — 4/3/2/1 പോയിന്റ്
- അക്ഷരത്തെറ്റില്ലാതെ വാക്കകലം പാലിച്ച് എഴുതിയാൽ — 1 പോയിന്റ്

**പ്രവർത്തനം 7 – ടോക്കണുകൾ**

***പഠനലക്ഷ്യം : ഒരു സംഖ്യയെ അതിനെക്കാൾ ചെറിയ സംഖ്യകളുടെ തുകയായി വ്യത്യസ്ത രീതിയിൽ മാറ്റാൻ കഴിയുന്നു***

**ആഖ്യാനം :**

ഇനിയൊരു കളിയാണ്. ടോക്കൺ കളി. ടീച്ചർ കളിയെക്കുറിച്ച് പറഞ്ഞു. " ഞാൻ കുറെ ടോക്കണുകൾ നിലത്തിടും. ഇതിൽ നിന്നും 2 ടോക്കണുകൾ എടുക്കണം. ഈ ടോക്കണിലെ സംഖ്യകൾ തമ്മിൽ കൂട്ടിയാൽ 20 കിട്ടണം. റെഡിയല്ലേ?

കളിയാരംഭിച്ചു. കുട്ടികൾ എടുത്ത ടോക്കണുകൾ ഏതൊക്കെയായിരിക്കും? വർക്ക്ഷീറ്റ് 7 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- 20 നെ രണ്ട് സംഖ്യകളുടെ കൂട്ടങ്ങളായി മൂന്നു വ്യത്യസ്ത രീതിയിൽ എഴുതിയാൽ — 3 പോയിന്റ്

• 20 നെ 3 സംഖ്യകളുടെ കൂട്ടമായി എഴുതിയാൽ 2 പോയിന്റ്

## പ്രവർത്തനം 8 - പച്ചക്കറികൾ

*പഠനലക്ഷ്യം : അന്വേഷണാത്മക പഠനത്തിലൂടെ കണ്ടെത്തിയ കാര്യങ്ങളും നിരീക്ഷിച്ച് അറിഞ്ഞ കാര്യങ്ങളും താരതമ്യം ചെയ്ത് പട്ടികപ്പെടുത്തുന്നു*

**ആഖ്യാനം :**

" ഇനി കടങ്കഥാകേളി" ഹിമ ടീച്ചർ പറഞ്ഞു.

" തുടങ്ങാം " ടീച്ചർ ഒരു കടങ്കഥ പറഞ്ഞു.

" അടി പാറ നടു വടി തല കാട്".

കുട്ടികൾ ഉത്തരം പറഞ്ഞു. എന്തായിരിക്കും ? ( പ്രതികരണം)

"മുള്ളുണ്ട് മുരിക്കല്ല

കയ്പ്പുണ്ട് കാഞ്ഞിരമല്ല"

ഉത്തരം? (കുട്ടികൾ പറയട്ടെ)

ഒന്നോ രണ്ടോ കടങ്കഥകൾ പറയാൻ കുട്ടികൾക്ക് അവസരം നൽകുന്നു.

തുടർന്ന് ഹിമടീച്ചർ ചോദിച്ചു.

നിങ്ങൾക്ക് അറിയാവുന്ന പച്ചക്കറികൾ ഏതൊക്കെ? കുട്ടികൾ ഓരോരുത്തരായി പച്ചക്കറികളുടെ പേരുകൾ വിളിച്ചു പറയാൻ തുടങ്ങി. അവർ പറഞ്ഞ പച്ചക്കറികളുടെ പേരുകൾ നോക്കൂ. വർക്ക്ഷീറ്റ് 8 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- പച്ചക്കറികളെ ഇലകൾ, കായ്കൾ, മറ്റിനങ്ങൾ എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട് 3 പോയിന്റ്
- 2 ചോദ്യങ്ങൾക്കും ഉത്തരം എഴുതിയിട്ടുണ്ട് 2 പോയിന്റ്

## പ്രവർത്തനം 9 - ചിത്രങ്ങൾ ചിത്രങ്ങൾ

*പഠനലക്ഷ്യം : പ്രായോഗിക പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നു*

**ആഖ്യാനം :**

ഇനി ചിത്രം വരയ്ക്കാനുള്ള സമയമാണ്. ബോർഡിൽ നിങ്ങൾക്ക് ചിത്രം വരയ്ക്കാം. ടീച്ചർ പറഞ്ഞ ഉടൻ കുട്ടികൾ ബോർഡിൽ ചിത്രങ്ങൾ നെടുകെയും കുറുകെയും വരക്കാൻ തുടങ്ങി. കുട്ടികൾ വരച്ച ചിത്രം നോക്കൂ. വർക്ക്ഷീറ്റ് 9 അവതരിപ്പിക്കുന്നു.

**വിലയിരുത്തൽ സൂചകങ്ങൾ**

- പൂമ്പാറ്റകൾ, പൂക്കൾ, നക്ഷത്രങ്ങൾ എന്നിവയുടെ എണ്ണം കൃത്യമായി എണ്ണി എഴുതിയാൽ 1 പോയിന്റ്
- ചെറുതിൽ നിന്ന് വലുതിലേക്ക് എഴുതിയാൽ 1 പോയിന്റ്
- എത്ര പൂക്കളാണ് കൂടുതൽ എന്ന് കണ്ടെത്തി എഴുതിയാൽ 1 പോയിന്റ്
- ഒന്നിന്റെ പാറ്റേൺ ശരിയായി പൂർത്തിയാക്കിയാൽ 2 പോയിന്റ്